RFCT LARR ACT 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) - RFCT LARR Act 2013 തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ -ഒല്ലൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ--- സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്

From

ഡോ. രമ്യ ആർ. ,
അസോസിയേറ്റ് പ്രൊഫസർ ഓഫ് എക്കണോമിക്സ്
(സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി)
ശ്രീ സി. അച്യുത മേനോൻ ഗവണ്മെന്റ് കോളേജ്
കുട്ടനെല്ലൂർ, തൃശൂർ-14

(ചെയർപേഴ്സൺ, തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ .ഒല്ലൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ-- സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച സമിതി)

To

ജില്ലാ കളക്ടർ
തൃശൂർ

സർ,

വിഷയം :

RFCT LARR ACT 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) -RFCT LARR Act 2013 - തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ .ഒല്ലൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ- സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നു.

സൂചന:

1. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ: DCTSR/3507/2018-E4 തീയതി : 23-07-2024
2. ഓഗസ്റ്റ് 16, 2024 നു നേരിട്ടും പിന്നീട് ഓഗസ്റ്റ് 17, 2024 നു ഗൂഗിൾ മീറ്റിലും ആയി ചേർന്ന അവലോകന യോഗങ്ങളുടെയും സ്ഥല സന്ദർശനത്തിന്റെയും മിനിറ്റ്സ്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1) ഉത്തരവ് പ്രകാരം വിലയിരുത്തൽ അന്തിമ റിപ്പോർട്ട്, യോഗങ്ങളുടെ മിനിറ്റ് സ് എന്നിവ മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ. രമ്യ ആർ. ,

(സമിതി ചെയർപേഴ്സൺ)

RFCT LARR ACT 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) - RFCT LARR Act 2013 തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ ഒല്ലൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ- സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്

ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ: DCTSR/ 3507/2018-E4 തീയതി : 23-07-2024 പ്രകാരം 9 അംഗങ്ങൾ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി അംഗങ്ങൾ സ്ഥലം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്. ഭാരത മാത കോളേജ് ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര , കൊച്ചി നടത്തിയ സാമൂഹിക പ്രത്യാഘത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, വിദഗ്ദ്ധ സമിതി അംഗങ്ങളുടെ യോഗം ചേരലിന്റെയും അടിസ്ഥാനത്തിലും, താഴെ പറയുന്ന തീരുമാനങ്ങളിൽ വിദഗ്ധ സമിതി എത്തി ചേർന്നിരിക്കുന്നു.

വിദ്യാഭ്യാസ സമ്പന്നരായ ഒരു ജനത ഒരു സമൂഹത്തിന്റെ ഉയർച്ചയുടെ പ്രതീകമാണ്, അങ്ങനെയുള്ള ജനതയെ സൃഷ്ടിക്കാനുതകുന്ന വിദ്യാഭ്യാസ സ്ഥാപങ്ങളും അവയുടെ സ്വാധീനവും ഒരു രാജ്യത്തിന്റെ പുരോഗതിയിൽ വലിയ പ്രാധാന്യം വഹിക്കുന്നു. സർക്കാർ സ്കൂളുകൾക്കും കോളേജുകൾക്കും അത്തരത്തിലുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിൽ വലിയ പങ്കുണ്ട്. അത്തരത്തിലുള്ള ഒരു വിദ്യാഭാസ സ്ഥാപനമാണ് 05/09/2014 ൽ സ്ഥാപിതമായ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ഒല്ലൂർ.

ഒല്ലൂർ കമ്പനിപ്പടിയിലുള്ള വൈലോപ്പിള്ളി സ്മാരക വൊക്കേഷണൽ ഹയർ സെക്കണ്ടടാറി സ്കൂളിന്റെ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഈ കോളേജിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കേണ്ടത് അത്യാവശ്യമാണ് . ആയതിനാൽ മേൽപരമാര്ശിച്ച സർക്കാർ കോളേജ് നിർമ്മാണവും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കലും ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും 14 കിലോമീറ്റര് അകലെ ആണ് 5.5 ഏക്കർ ഭൂമി സർക്കാർ ഈ വിദ്യാഭാസ സ്ഥാപനത്തിനായി കണ്ടെത്തിയിരിക്കുന്നത് (സെക്ഷൻ 11.1).

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം ഒരു ഭൂ ഉടമയുടെ കൈവശമുള്ള ഭൂമിയിൽ നിന്നാണ് നിർദിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത്. നിർദിഷ്ട കോളേജ് നിർമാണപദ്ധതിക്കായി ഒല്ലൂക്കര - മുളയം എന്ന വില്ലേജുകളിൽ നിന്ന് 5.5 ഏക്കർ ഭൂമി ആണ് ഏറ്റെടുക്കുന്നത് . ഒരു ഭൂ ഉടമയുടെ അധീനതയിൽ ഉള്ളതാണെകിലും ഈ ഭൂമി 7 സർവ്വേ നമ്പറുകളിൽ ആണ് കിടക്കുന്നത് (1037/1, 1038/1, 1039/1, 1040/1, 1039/3, 1040/2, 04/P,10). മേൽ പരാമർശിച്ച സർവേ നമ്പറിലുള്ള ഭൂമി എല്ലാം തന്നെ പുരയിടം- നിലം എന്ന വിഭാഗത്തിൽ പെടുന്നു എന്ന് സാമൂഹിക പ്രത്യാഘാത പഠന റിപോർട്ടിൽ

പറയുന്നു (സെക്ഷൻ 4.5). നിർദിഷ്ഠ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെ കുറിച്ചു സാമൂഹിക പ്രത്യാഘാത പഠന റിപോർറ്റ്റെ അധ്യായം പതിനൊന്നിൽ പരാമർശിക്കുന്നുണ്ട്. പദ്ധതിപ്രദേശത്തെ വീടും തൊഴുത്തും മറ്റും നഷ്ടമാവുന്നതിനെ കുറിച്ചും റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആയതിനാൽ നഷ്ടപെടുന്ന ചമയങ്ങളുടെ മൂല്യം കൂടി നഷ്ടപരിഹരം നല്കുന്നതിൽ കണക്കാക്കണമെന്നു സമിതിക്കു ബോധ്യം വന്നിരിക്കുന്നു. (റിപ്പോർട്ടിൽ പല ഇടങ്ങളിലും പദ്ധതി പ്രദേശം ഒല്ലൂക്കര മുളയം എന്നതിന് പകരം ഒല്ലൂർ (പ്രതേകിച്ചു അധ്യായം 11-ൽ സെക്ഷൻ 11.2 ൽ )എന്ന് പരാമർശിച്ചു കാണുന്നു . സാമൂഹിക പ്രത്യാഘത റിപ്പോർട്ടിലെ ആ തെറ്റുകൾ വിദഗ്ദ്ധ സമിതി ചൂണ്ടി കാണിക്കുന്നു. അത് പോലെ തന്നെ 5.5 ഏക്കർ ഭൂമി ആണ് നിർദിഷ്ഠ പദ്ധതിക്കായി ഏറ്റെടുക്കുന്നത്, പക്ഷെ അത് അധ്യായം രണ്ടിൽ സെക്ഷൻ 2.1 ൽ 5.5 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കുന്നത് എന്ന് തെറ്റി പരാമർശിച്ചതും വിദഗ്ദ്ധ സമിതി ചൂണ്ടി കാണിക്കുകയും ഇവിടെ രേഖപ്പെടുത്തുകയും ചെയ്യുന്നു. )

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിലും, സ്ഥല സന്ദർശനത്തിന്റെയും, സമിതി അംഗങ്ങളുടെ ചർച്ചകളിലൂടെയും താഴെ പറയുന്ന

വസ്തുതകൾ വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെടുകയും അത് മേൽ നടപടികൾക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## സമിതിയുടെ ശുപാർശകൾ

1. വിദ്യാഭ്യാസ സ്ഥാപങ്ങൾ എന്നും ഒരു സമൂഹത്തിന്റെ വളർച്ചക്ക് അഭിവാജ്യ ഘടകങ്ങൾ ആണ് . അങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരു സമൂഹത്തിനു വേണ്ടി ഒരുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വവും ആണ്. അത്തരമൊരു വിദ്യാഭാസ സ്ഥാപനത്തിന്റെ നിർമാണവും അനുബന്ധ ഭൂമി ഏറ്റെടുക്കലും ആയി ബന്ധപ്പെട്ടതാണ് നിർദിഷ്ട പദ്ധതി. ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഒല്ലൂർ, പദ്ധതി പ്രദേശത്തിനും അനുബന്ധ പ്രദേശങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാകും എന്നതിൽ സംശയമില്ല. പദ്ധതിയുടെ ആനുകൂല്യങ്ങൾ നിരവധി ജനങ്ങളിലേക്ക് എത്തും എന്നുള്ളതിനാലും ഈ ഗവണ്മെന്റ് കോളേജ് പദ്ധതി നിർദിഷ്ട പ്രദേശത്തു വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നതിലും തർക്കമില്ല, ഇതിലും അനുയോജ്യമായ ഒരു സ്ഥലം ഈ പദ്ധതിക്ക് നിർദിഷ്ട പ്രദേശങ്ങളിൽ കണ്ടെത്താൻ കഴിയില്ല എന്നതാണ് വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഒല്ലൂർ, ന്റെ

നിർമ്മാണത്തിനായി ഏറ്റെടുത്തു, മേൽനടപടികൾക്കായി പരിഗണിക്കണം എന്നും ഈ സമിതി ശുപാർശ ചെയ്യുന്നു.

2. നിർമിതികളും വാസസ്ഥലങ്ങളും ഏറ്റവും കുറഞ്ഞ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കണത് എന്നതും ശ്രദ്ധേയമാണ്. ഭാരത മാത കോളേജ് ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര , കൊച്ചി നടത്തിയ സാമൂഹിക പ്രത്യാഘത പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്ക് വേണ്ടി ഒരു ഭൂ ഉടമയുടെ ഭൂമി ആണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥന് ന്യായമായ നഷ്ടപരിഹാരം നൽകണം എന്നും ഈ സമിതി ശുപാർശ ചെയ്യുന്നു.

3. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും സമയ ബന്ധിതമായി നടപ്പാക്കണമെന്നും ശുപാർശ ചെയ്യാനും ഇതോടൊപ്പംതീരുമാനിച്ചു.

4. ഈ പദ്ധതി പ്രദേശത്തു പട്ടികജാതി പട്ടികവർഗ കോളനികൾ ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശനരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ.

5. നിർദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെ കുറിച്ചു സാമൂഹിക പ്രത്യാഘാത പഠന റിപോർറ്ന്റെ അധ്യായം പതിനൊന്നിൽ

പരാമർശിക്കുന്നുണ്ട്. പദ്ധതിപ്രദേശത്തെ വീടും തൊഴുത്തും മറ്റും നഷ്ടമാവുന്നതിനെ കുറിച്ചും റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആയതിനാൽ നഷ്ടപെടുന്ന ചമയങ്ങളുടെ മൂല്യം കൂടി നഷ്ടപരിഹരം നല്കുന്നതിൽ കണക്കാക്കണമെന്നു സമിതിക്കു ബോധ്യം വന്നിരിക്കുന്നു

6. പദ്ധതിയുടെ ആനുകൂല്യങ്ങൾ നിരവധി ജനങ്ങളിലേക്ക് എത്തും എന്നുള്ളതിനാലും ഒല്ലൂർ ഗവണ്മെന്റ് കോളേജ് നിർമാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലും തുടർ നിർമ്മാണ പ്രവർത്തനങ്ങളും വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നതിലും തർക്കമില്ല,

7. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങളെ കുറിച്ച് സെക്ഷൻ 5.5 ൽ പരാമർശിക്കുന്നു. പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതർ (ഏറ്റെടുക്കപെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ) ഉണ്ട് എന്ന് സെക്ഷൻ 5.5.1 ൽ പരാമർശിച്ചിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയിൽ മേല്പറഞ്ഞ സ്ഥലം നോക്കി നടത്തുന്ന വ്യക്തിയും അദ്ദേഹത്തിന്റെ ഉപജീവന മാർഗമായ പശുക്കളും ഉണ്ടെന്നും സ്ഥലം ഏറ്റടുക്കുന്നതോടെ ആ ഉപജീവനമാർഗം നഷ്ടപ്പെടുമെന്നും സാമൂഹിക പ്രത്യാഘാത റിപ്പോർട്ട്ൽ പരാമർശിക്കുന്നു. ഭൂമി ഏറ്റെടുക്കുമ്പോൾ ആ

വ്യക്തിയുടെ കാര്യം കൂടെ കണക്കിലെടുത്തു പദ്ധതി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

8. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രദേശത്തെ മരങ്ങളുടെ നഷ്ടത്തെ പറ്റി സാമൂഹിക പ്രത്യാഘത പഠന റിപ്പോർട്ട് ൽ പറയപ്പെടുന്നുണ്ട്, സെക്ഷൻ 4.6 ന്റെ ഭാഗമായി വരുന്ന പട്ടികയിൽ ആഘാത ബാധിധമാകുന്ന മരങ്ങളെ കുറിച്ചും ഫല വൃക്ഷങ്ങളെ കുറിച്ചും പരാമർശിക്കുന്നു മരങ്ങളുടെ നഷ്ടം മൂലം പരിസ്ഥിതിക്ക് വരുന്ന ആഘാതങ്ങൾ കണക്കാക്കി, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി നഷ്ടപെടുന്ന മരങ്ങൾക്കു പകരം സമീപ പ്രദേശങ്ങളിൽ ഇരട്ടി മരങ്ങൾ വെച്ച് പിടിപ്പിക്കണം എന്നും സമിതി ശുപാർശ ചെയ്യുന്നു. ഏറ്റെടുക്കുന്ന ഭൂമിയിൽ അവർക്കു കായ് ഫലമുള്ള വൃക്ഷങ്ങൾ ഉണ്ടെങ്കിൽ, പദ്ധതിയാൽ അവർക്കു നഷ്ടപെടുന്ന വൃക്ഷങ്ങളും അതിൽ നിന്ന് ലഭിക്കുന്ന വരുമാനങ്ങളും നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കണക്കിൽ എടുക്കണം എന്നതും സമിതി ശുപാർശ ചെയ്യുന്നു.

9. ഈ പദ്ധതി പ്രദേശത്തു മത സ്ഥാപനങ്ങളോ, ആരാധനാലയങ്ങളോ പട്ടികജാതി പട്ടികവർഗ കോളനികളോ, ഒന്നും ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശനരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ.

10. റിപ്പോർട്ടിൽ പല ഇടങ്ങളിലും പദ്ധതി പ്രദേശം ഒല്ലൂക്കര മുളയം എന്നതിന് പകരം ഒല്ലൂർ (പ്രതേകിച്ചു അധ്യായം 11-ൽ

സെക്ഷൻ 11.2 ൽ )എന്ന് പരാമർശിച്ചു കാണുന്നു . അത് പോലെ തന്നെ 5.5 ഏക്കർ ഭൂമി ആണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്, പക്ഷെ അത് അധ്യായം രണ്ടിൽ സെക്ഷൻ 2.1 ൽ 5.5 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കുന്നത് എന്നും കാണുന്നു. സാമൂഹിക പ്രത്യാഘത റിപ്പോർട്ടിലെ ആ തെറ്റുകൾ വിദഗ്ദ്ധ സമിതി ചൂണ്ടി കാണിക്കുന്നു

11. ഒല്ലൂർ ഗവണ്മെന്റ് കോളേജ് നിർമ്മാണവും അനുബന്ധ ഭൂമി ഏറ്റെടുക്കലും ഒരു പൊതു ആയ സാമൂഹികാവശ്യം ആണെന്നും ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ദ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപെടുകയുണ്ടായി, ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കാനുള്ള നടപടികൾക്ക് വേണ്ടി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്നു വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ വിദഗ്ദ്ധ സമിതി RFCTLARR ACT 2013 ലെ ബന്ധപ്പെട്ട വകുപ്പുകളിലെയും ചട്ടങ്ങൾക്കും വിധേയമായി, തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ -

ഒല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപെട്ടു - ഭാരത മാത കോളേജ് ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര , കൊച്ചി തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് അംഗീകരിക്കുകയും വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണങ്ങൾ കൂടി പരിഗണിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

വിദഗ്ദ്ധ സമിതിക്കു വേണ്ടി,

തൃശൂർ

17/08/2024

ഡോ. രമ്യ ആർ ,

(സമിതി ചെയർപേഴ്സൺ)

RFCT LARR Act 2013 - RFCT LARR Act 2013 - തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ -ഒല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ --സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്

സ്ഥലം: തൃശൂർ

തിയതി: 17/08/24

## EXPERT COMMITTEE MEMBERS

| Sl No : | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics Sri C Achutha Menon Govt College Thrissur (Chairman) | [signature] |
| 2 | Dr. Binu K | Associate Professor of Sociology Vimala College, Thrissur | [signature] |
| 3 | Deputy Collector | Deputy Collector (L.A.) | [signature] |
| 4 | Smt. Jayanthy C R | Special Thahasildar (L.A.KIIFB) | [signature] |
| 5 | Dr John P R | Principal, Government Arts and Science College, Ollur | [signature] |
| 6 | Sri Varghese Kandamkulathi | Councilor, Division 26, Thrissur Corporation | [signature] |
| 7 | Smt Carolin Perinjeri | Councilor, Division 29, Thrissur Corporation | [signature] |
| 8 | Adv P R Rajith | Vice President, Nadathara Grama Panchayath | [signature] |
| 9 | Smt Deepa Anish | Member, Ward 5, Nadathara Grama Panchayath | [signature] |

# വിദഗ്ദ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ മിനിറ്റ്സ്

വിദഗ്ദ്ധ സമിതി 16/08/2024 നു പദ്ധതി പ്രദേശം സന്ദർശിക്കുകയും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും ചെയ്തു, ആയതിന്റെ അടിസ്ഥാനത്തിൽ 17/08/2022 നു ഗൂഗിൾ മീറ്റ് ൽ ഒരു അന്തിമ യോഗം ചേരുകയും താഴെ പറയുന്ന തീരുമാനങ്ങൾ വിദഗ്ദ്ധ സമിതി കൈക്കൊള്ളുകയും ചെയ്തു

**യോഗ തീരുമാനങ്ങൾ:**

1. ഇപ്പോൾ ഈ പദ്ധതിക്കായി സ്വീകരിച്ചിരിക്കുന്ന അലൈൻമെന്റും അതിനു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലവും ആണ് ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഒല്ലൂർ, ന്റെ നിർമ്മാണത്തിനായി ഏറ്റവും അനുയോജ്യമായ സ്ഥലം എന്നും വിദഗ്ദ്ധ സമിതിക്കു സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപ്പെട്ടു. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുത്തു, മേൽനടപടികൾക്കായി ശുപാർശ ചെയ്യാൻ യോഗത്തിൽ തീരുമാനിച്ചു.
2. ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഒല്ലൂർ, ന്റെ നിർമ്മാണത്തിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നത് വിദഗ്ദ്ധ സമിതിക്കു ബോധ്യമാവുകയും അത് അന്തിമ റിപ്പോർട്ടിൽ പരാമർശിക്കാനും യോഗം തീരുമാനിച്ചു.

3. ആഘാത ബാധിത കുടുംബത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകേണ്ടതിന്റെയും ആവശ്യകത വിദഗ്ദ്ധ സമിതി അംഗങ്ങൾക്ക് ബോധ്യമാവുകയും അത് അന്തിമ റിപ്പോർട്ടിൽ പ്രതിപാദിക്കാനും തീരുമാനിച്ചു.

4. ഈ പദ്ധതിക്ക് വേണ്ടി ഒരു ഭൂ ഉടമയുടെ 7 സർവ്വേ നമ്പറുകളിൽ കിടക്കുന്ന 5.5 ഏക്കർ ഭൂമി ആണ് ഏറ്റെടുക്കുന്നത് . ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നല്കാൻ ശുപാർശ ചെയ്യണം എന്നുള്ളതും (ആ പുരയിടങ്ങളിൽ അവർക്കു കായ് ഫലമുള്ള വൃക്ഷങ്ങളോ മറ്റു നിർമിതികളോ ഉണ്ടെങ്കിൽ, പദ്ധതിയാൽ അവർക്കു നഷ്ടപെടുന്ന വൃക്ഷങ്ങളും, നിർമിതികളും അതിൽ നിന്ന്ന ലഭിക്കുന്ന വരുമാനങ്ങളും നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കണക്കിൽ എടുക്കണം) എന്നതും സമിതി തീരുമാനിച്ചു.

5. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും സമയ ബന്ധിതമായി നടപ്പാക്കണമെന്നും ശുപാർശ ചെയ്യാനും വിദഗ്ദ്ധ സമിതി തീരുമാനിച്ചു

6. ഈ പദ്ധതി പ്രദേശത്തു പട്ടികജാതി പട്ടികവർഗ കോളനികൾ ഒന്നും ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശനരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലും തീരുമാനവും.

7. നിർദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ മൂന്ന് വർഷമോ അതിലധികമോ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങളെ (പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതർ) കുറിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട് ൽ പരാമർശിച്ചിട്ടുണ്ട് എന്നതും, ഭൂമി ഏറ്റെടുക്കുമ്പോൾ ആ വ്യക്തിയുടെ കാര്യം കൂടെ കണക്കിലെടുത്തു പദ്ധതി നടപ്പാക്കണമെന്ന് ശുപാർശ ചെയ്യാനും വിദഗ്ദ്ധ സമിതി തീരുമാനിച്ചു

8. റിപ്പോർട്ടിൽ പല ഇടങ്ങളിലും പദ്ധതി പ്രദേശം ഒല്ലൂക്കര മുളയം എന്നതിന് പകരം ഒല്ലൂർ (പ്രതേകിച്ചു അധ്യായം 11-ൽ സെക്ഷൻ 11.2 ൽ )എന്ന് പരാമർശിച്ചു കാണുന്നു . അത് പോലെ തന്നെ 5.5 ഏക്കർ ഭൂമി ആണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്, പക്ഷെ അത് അധ്യായം രണ്ടിൽ സെക്ഷൻ 2.1 ൽ 5.5 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കുന്നത് എന്നും കാണുന്നു. സാമൂഹിക പ്രത്യാഘത റിപ്പോർട്ടിലെ ആ തെറ്റുകൾ വിദഗ്ദ്ധ സമിതി ചൂണ്ടി കാണിക്കുകയും അന്തിമ റിപ്പോർട്ടിൽ അത് പരാമർശിക്കുകയും ചെയ്യണം എന്ന് തീരുമാനിക്കുകയും ചെയ്തു

9. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രദേശത്തെ മരങ്ങളുടെ നഷ്ടത്തെ പറ്റി സാമൂഹിക പ്രത്യാഘത പഠന റിപ്പോർട്ട് ൽ പറയപ്പെടുന്നുണ്ട്, മരങ്ങളുടെ നഷ്ടം മൂലം പരിസ്ഥിതിക്ക് വരുന്ന ആഘാതങ്ങൾ കണക്കാക്കി, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി നഷ്ടപെടുന്ന

മരങ്ങൾക്കു പകരം സമീപ പ്രദേശങ്ങളിൽ ഇരട്ടി മരങ്ങൾ വെച്ച് പിടിപ്പിക്കണം ശുപാർശ ചെയ്യാനും തീരുമാനിച്ചു

10. ഈ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഒല്ലൂർ, നിർമ്മാണ പദ്ധതി ഒരു പൊതു ആയ സാമൂഹികാവശ്യം ആണെന്നും ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ദ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപെടുകയുണ്ടായി, ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കാനുള്ള നടപടികൾക്ക് വേണ്ടി ശുപാർശ ചെയ്യാനും വിദഗ്ദ്ധ സമിതി തീരുമാനിച്ചു

ഗൂഗിൾ മീറ്റ് ൽ ചേർന്ന വിദഗ്ദ്ധ സമിതി അന്തിമ യോഗം യോഗം മേൽപരാമര്ശിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്കു സമർപ്പിക്കാൻ സമിതി ചെയർ പേഴ്സൺ നെ ചുമതലപ്പെടുത്തി.

വിദഗ്ദ്ധ സമിതിക്കു വേണ്ടി,

തൃശൂർ
17/08/2024

ഡോ. രമ്യ ആർ,
(സമിതി ചെയർപേഴ്സൺ)

RFCT LARR Act 2013 - തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ ഒല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ--സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ചേർന്ന വിദഗ്ദ്ധ സമിതിയുടെ സ്ഥല സന്ദർശനത്തിന്റെയും ആദ്യ യോഗത്തിന്റെയും മിനിറ്റ്സ്.

സ്ഥലം: ഒല്ലൂർ

തിയതി: 16/08/24

## EXPERT COMMITTEE MEMBERS

| Sl No : | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics Sri C Achutha Menon Govt College Thrissur (Chairman) | [signature] |
| 2 | Dr. Binu K | Associate Professor of Sociology Vimala College, Thrissur | [signature] |
| 3 | Deputy Collector | Deputy Collector (L.A.) | [signature] |
| 4 | Smt. Jayanthy C R | Special Thahasildar (L.A.KIIFB) | [signature] |
| 5 | Dr John P R | Principal, Government Arts and Science College, Ollur | [signature] |
| 6 | Sri Varghese Kandamkulathi | Councilor, Division 26, Thrissur Corporation | [signature] |
| 7 | Smt Carolin Perinjeri | Councilor, Division 29, Thrissur Corporation | Carolin |
| 8 | Adv P R Rajith | Vice President, Nadathara Grama Panchayath | [signature] |
| 9 | Smt Deepa Anish | Member, Ward 5, Nadathara Grama Panchayath | Deepa |

RFCT LARR Act 2013 - RFCT LARR Act 2013 - തൃശൂർ ജില്ലാ - തൃശൂർ താലൂക്ക്- ഒല്ലൂക്കര മുളയം വില്ലേജുകളിൽ .ഒല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ -സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ചേർന്ന വിദഗ്ദ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ മിനിറ്റ്സ്.

സ്ഥലം: ഒല്ലൂർ

തിയതി: 17/8/24

## EXPERT COMMITTEE MEMBERS

| Sl No : | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics Sri C Achutha Menon Govt College Thrissur (Chairman) | |
| 2 | Dr. Binu K | Associate Professor of Sociology Vimala College, Thrissur | |
| 3 | Deputy Collector | Deputy Collector (L.A.) | |
| 4 | Smt. Jayanthy C R | Special Thahasildar (L.A.KIIFB) | |
| 5 | Dr John P R | Principal, Government Arts and Science College, Ollur | |
| 6 | Sri Varghese Kandamkulathi | Councilor, Division 26, Thrissur Corporation | |
| 7 | Smt Carolin Perinjeri | Councilor, Division 29, Thrissur Corporation | |
| 8 | Adv P R Rajith | Vice President, Nadathara Grama Panchayath | |
| 9 | Smt Deepa Anish | Member, Ward 5, Nadathara Grama Panchayath | |